പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6135** **28.10.2011 ൽ മറുപടിക്ക്**

## ജി.എസ്. റ്റി. സംവിധാനം നടപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പാലോട് രവി<br>ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. അൻവർ സാദത്ത് | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി) | |
| എ) | രാജ്യത്ത് ജി. എസ്. റ്റി സംവിധാനം നടപ്പാക്കുന്നതിനായി കേന്ദ്ര ഗവൺമെന്റിന് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ സംസ്ഥാനത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ; | എ) | ഇന്ത്യയിലെ സംസ്ഥാന ധനകാര്യ മന്ത്രിമാർ ഉൾപ്പെട്ട എംപവേഡ് കമ്മിറ്റിയാണ് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുള്ളത്. |
| ബി) | എന്തെല്ലാം നിർദ്ദേശങ്ങളാണ് കേന്ദ്ര ഗവൺമെന്റിന് നൽകാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | ബി) | നഷ്ടപരിഹാരതുക നിശ്ചയിക്കുമ്പാൾ കേന്ദ്രപൂളിൽ നിന്നും സംസ്ഥാനങ്ങൾക്കുള്ള വിഹിതത്തിന്റെ പ്രഭാവം കൂടി കണക്കിലെടുക്കേണ്ടതാണെന്നും, ജി. എസ്. റ്റി. നടപ്പിലാക്കുന്നതിന്റെ ഭാഗമായി നികുതി പിരിവിൽ വരുന്ന കുറവു മാത്രമല്ല കേന്ദ്ര വിഹിതത്തിൽ വരുന്ന കുറവുകൂടി കേന്ദ്രസർക്കാർ അനുവദിക്കേണ്ടതാണെന്നും ചൂണ്ടിക്കാണിച്ചുകൊണ്ട് പ്രാഥമികമായികേന്ദ്ര സർക്കാരിന് കത്തയച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തിനുള്ള കേന്ദ്രഓഹരി വർദ്ധിപ്പിക്കുന്നതിനായി 13 ാം ധനകാര്യ കമ്മീഷന് കേരളസർക്കാർ നൽകിയ മെമ്മോറാണ്ടം കൂടി ഈ സന്ദർഭത്തിൽ കണക്കിലെടുക്കേണ്ടതാണെന്നും സൂചിപ്പിക്കുകയുണ്ടായി. ജി.എസ്. റ്റി. നടപ്പിലാക്കുമ്പോഴുള്ള നഷ്ടപരിഹാര പാക്കേജിന് നിയമത്തിന്റെ പിൻബലമുള്ള ഒരു സംവിധാനം രൂപകൽപ്പന |

- - - 2

| | | | |
|---|---|---|---|
| | | | ചെയ്യണമെന്നുമുള്ള കാര്യങ്ങൾ കൂടി പ്രസ്തുത കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച കൂടുതൽ വിശദാംശങ്ങൾ തയ്യാറാക്കി വരുന്നു. |
| സി) | സംസ്ഥാനത്തിന്റെ നികുതി സമാഹരണശേഷി വർദ്ധിപ്പി ക്കുന്ന തരത്തിൽ ജി.എസ്.റ്റി നടപ്പാക്കണമെന്ന നിർദ്ദേശം സമർപ്പിക്കുമോ ; | സി) | ജി.എസ്.ടി. നടപ്പിലാക്കുമ്പോൾ സംസ്ഥാനങ്ങളുടെ നികുതി സമാഹരണശേഷി. വർദ്ധിപ്പിക്കണം എന്നതാണ് സംസ്ഥാനത്തിന്റെ നിലപാട്. ഈ ആവശ്യം ഉന്നതാധികാരസമിതിയിലെ ചർച്ച കളിൽ സംസ്ഥാനം ഉന്നയിച്ചിട്ടുണ്ട്. |
| ഡി) | ജി.എസ്.റ്റി നിലവിൽ വന്ന് ഒരു വർഷത്തിനകം കേന്ദ്രവും സം സ്ഥാനവും നികുതി പങ്കു വയ്ക്കണമെന്ന നിയമം കൂടി പാസ്സാക്കണമെന്ന നിർദ്ദേശം കേന്ദ്രത്തിന് സമർപ്പിക്കുമോ ? | ഡി) | അത്തരം നിർദ്ദേശം സമർപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ